സർവ്വീസ് സംയോജനം

*൩. (൬) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സർവ്വീസ് സംയോജനം ഏതെങ്കിലും ഡിപ്പാർട്ട്മെന്റിൽ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പാർട്ട്മെന്റിലെ സർവ്വീസ് സംയോജനം പൂർത്തിയായിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒരു ഡിപ്പാർട്ട്മെന്റിന്റെയും പൂർത്തിയായിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. രാമചന്ദ്രൻ: ഇതു് എത്രനാളിനകം പൂർത്തിയാകുമെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ ക്ലിപ്തമായി പറയുവാൻ നിവർത്തിയില്ല, എങ്കിലും ജോലി തുടങ്ങിയിട്ടുണ്ട്. മുകളിലത്തെ ക്ലാസ്സിലുള്ള ഉദ്യോഗങ്ങളുടെ സംയോജനത്തെ സംബന്ധിച്ചു ഒരു പട്ടിക തയാറാക്കിയിട്ടുമുണ്ട്. ആ ലിസ്റ്റ് പരിശോധനയിൽ ഇരിക്കുന്നു.

Shahib Bahadur A. Abdul Razaak: May I remind the hon. Chief Ministe that there has been an assurance from the Government benches that the integration of the services would be completed before the year 1951 is out?

ശ്രീ. സി. കേശവൻ: അങ്ങനെ അഷ്വറൻസ് ഉണ്ടായിട്ടുണ്ടോ എന്നു് എന്റെ ഓർമ്മയിൽനിന്നു് പറയാൻ നിവൃത്തിയില്ല. ഈ വർഷം അവസാനിക്കുന്നതിനു മുൻപുതന്നെ സംയോജനം സംബന്ധിച്ചുള്ള നടപടികൾ തീരുമെന്നാണു് വിശ്വാസം.

ശ്രീ. എ. താണുപിള്ള: സംയോജനം സംബന്ധിച്ചുള്ള റിൻസിപ്പിൾസ് എന്തെല്ലാമാണെന്നു് ഗവർമ്മെന്റ് നിശ്ചയിച്ചു കഴിഞ്ഞോ?

ശ്രീ. സി. കേശവൻ: കഴിഞ്ഞു. ഈ ഗവർമ്മെന്റ് ഇതുസംബന്ധിച്ചു ചെയ്തിട്ടുള്ള ചില തീരുമാനങ്ങൾ ഇൻഡ്യാഗവർമ്മെന്റ് പരിശോധിച്ചു ചില ചില്ലറ മാറ്റങ്ങൾ വരുത്തി. അതു നടപ്പിൽ വരുത്തുവാൻ ഗവർമ്മെന്റ് വിചാരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാഗവർമ്മെന്റിന്റെ ഉദ്യോഗസ്ഥനാണോ ഇതൊക്കെ എഴുതിയതു്?

ശ്രീ. സി. കേശവൻ: ഇന്ത്യാഗവർമ്മെന്റിന്റെ ഉദ്യോഗസ്ഥൻ ഇവിടെ വന്നു് റിക്കാർഡുകളൊക്കെ പരിശോധിച്ചു് വിവരങ്ങൾ സ്റ്റേറ്റുമിനിസ്ട്രിയെ അറിയിച്ചു. ഭേദഗതികൾ വരുത്തിയതു് സ്റ്റേറ്റുമിനിസ്ട്രിയാണു്.

ശ്രീ. എ. താണുപിള്ള: അങ്ങനെ ചെയ്യുവാൻ ഈ ഗവർമ്മെന്റ് സ്റ്റേറ്റുമിനിസ്ട്രിയോടു് ആവശ്യപ്പെട്ടോ?

ശ്രീ. സി. കേശവൻ: ആവശ്യപ്പെട്ടു. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളന സമയത്തുതന്നെ ഇതു സംബന്ധിച്ചു ചില തക്കങ്ങൾ ഇവിടെ ഉള്ളതായി കണ്ടു. അതുകൊണ്ടു് ഇതിനെപ്പറ്റി ന്യായമായ ഒരു തീരുമാനം ചെയ്യുവാൻ ഈ ഗവർമ്മെന്റ് സ്റ്റേറ്റുമിനിസ്ട്രിയോടു് ആവശ്യപ്പെടുകയാണു് ഉണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള: ഇതേപ്പറ്റി ഒരു തീരുമാനം എടുക്കുവാൻ ഇന്ത്യാ ഗവണ്മെൻറിനുള്ള അപ്രാപ്തികൊണ്ടാണോ അങ്ങനെ ആവശ്യപ്പെട്ടത്?

Mr. Speaker: That is a matter of inference.

ശ്രീ. എ. കെ. പാച്ചുപിള്ള: സപ്ലീസ് ഇൻറിഗ്രേഷൻ സംബന്ധിച്ച് തിരുവിതാംകൂറിലേയും കൊച്ചിയിലേയും ആളുകളിൽനിന്നും നിവേദനങ്ങൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ധാരാളം കിട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് ഇതേപ്പറ്റി ഇൻഡ്യാ ഗവണ്മെൻറ തന്നെ പരിശോധിക്കണമെന്ന് വിചാരിച്ചത്.

ശ്രീ. എ. താണുപിള്ള: ഇതിൻറെ പ്രിൻസിപ്പിൾസ് പബ്ലിഷ് ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: പബ്ലിഷ് ചെയ്തിട്ടില്ലാ.

ശ്രീ. എ. താണുപിള്ള: സഭയുടെ മുമ്പാകെ അത് വയ്ക്കുന്നതിനു വിഷമമുണ്ടോ?

ശ്രീ. സി. കേശവൻ: തടസ്സമൊന്നുമില്ല.

ശ്രീ. കെ. എ. മാത്യു: ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാരിൽ നിന്നും ഗവണ്മെൻറിനു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞല്ലോ. അവയെക്കൂടി പരിഗണിച്ചുകൊണ്ടാണോ ഗവണ്മെൻറ് ഇതിനെപ്പറ്റി തീരുമാനം ചെയ്തിട്ടുള്ളത്?

ശ്രീ. സി. കേശവൻ: ഇതിൽ ഇൻഡ്യാഗവണ്മെൻറ് തീരുമാനമൊന്നും ചെയ്തിട്ടില്ല. നമ്മുടെ ചില തീരുമാനങ്ങൾ അവരുടെ മുമ്പാകെ വച്ചു. അവർ അത് പരിശോധിച്ചു. ചില നിർദ്ദേശങ്ങൾ ചെയ്തു എന്നുമാത്രം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു സംബന്ധിച്ച് പൊതുജനാഭിപ്രായം എന്താണെന്നു ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അഡ്മിനിസ്ട്രേറീവ് കാര്യങ്ങളിൽ പൊതുജനാഭിപ്രായം വേണമെന്നു പറയുന്നതു വളരെ വിഷമമാണ്.

Sri. D. Ganasigamoni: May I know what are the matters in respect of which the Government of India has given some directions?

ശ്രീ. സി. കേശവൻ: ഒന്നോ രണ്ടോ പോയിൻറുകളിൽ മാത്രമേ ഇൻഡ്യാ ഗവണ്മെൻറ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളൂ.

പിന്നോക്കസമുദായോദ്ധാരണ എൻക്വയറി കമ്മറ്റി

* ൪. (൩) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പിന്നോക്കസമുദായോദ്ധാരണ എൻക്വയറി കമ്മറ്റി ഗവണ്മെൻറിലേക്കു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) പ്രസ്തുത കമ്മറ്റിയുടെ ശുപാർശയനുസരിച്ച് ൧൯൫൦-൫൧ സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ചെയ്തിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly